STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.127/PR/SPMC/PHQ/2026 Date: 07.03.2026

## നിർഭയ നിശ നാളെ മുതൽ സംസ്ഥാന വ്യാപകമായി നടപ്പാക്കുന്നു

അന്താരാഷ്ട്ര വനിതാദിനത്തോടനുബന്ധിച്ചു വനിതകൾക്ക് ഭയരഹിത രാത്രിയാത്ര ഉറപ്പാകുന്നതിനുള്ള കേരള പോലീസിന്റെ പദ്ധതിയായ നിർഭയ നിശ സംസ്ഥാന വ്യാപമാകമായി നടപ്പാക്കുന്നു.

നാളെ (മാർച്ച് 8) രാത്രി 7.30ന് തിരുവനന്തപുരത്ത് മാനവീയം വീഥിയിൽ നടക്കുന്ന ചടങ്ങിൽ സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്ര ശേഖർ നിർഭയ നിശ സംസ്ഥാന വ്യാപകമായി ആരംഭിക്കുന്നതിന്റെ ഉദ്ഘാടന കർമവും പോലീസ് വാഹങ്ങളുടെ ഫ്ളാഗ് ഓഫും നിർവഹിക്കും.

രാത്രി 09 മണി മുതൽ രാവിലെ 05 മണിവരെ സ്ത്രീകൾക്ക് ജോലി, പഠനം, ചികിത്സ, കുടുംബപരവും വ്യക്തിപരവുമായ ആവശ്യങ്ങൾ എന്നിവയ്ക്കായി പൊതുഗതാഗത സംവിധാനങ്ങളെ ആശ്രയിച്ച് യാത്രചെയ്യുമ്പോൾ നേരിടേണ്ടി വരുന്ന സുരക്ഷാ വെല്ലുവിളികൾക്ക് പരിഹാരമായാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

**************************